സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ


# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മെയ് 12 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ





1. ഡോ. വന്ദനയുടെ അന്ത്യകർമങ്ങളിൽ നിന്ന് 2. വന്ദനക്ക് അന്ത്യചുംബനം നൽകുന്ന പിതാവ് കെ.ജി മോഹൻദാസും മാതാവ് വസന്തകുമാരിയും 3. വന്ദനയുടെ മാതാവിന്റെ സഹോദരന്റെ മകൻ നിവേദ് ചിതക്ക് തീകൊളുത്തുന്നു

# ഡോ. വന്ദനക്ക് കണ്ണീരോടെ വിട...


കോട്ടയം: കൊട്ടരക്കര താലൂക്ക് ആശുപത്രിയിൽ വൈദ്യപരിശോധനക്കെത്തിയ പ്രതിയുടെ കുത്തേറ്റ് കൊല്ലപ്പെട്ട ഡോക്ടർ വന്ദനാ ദാസിന് കണ്ണീരോടെ വിടചൊല്ലി നാട്. കോട്ടയം മുട്ടുചിറയിലെ വീട്ടിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ തീർത്തും വികാരനിർഭരമായാണ് സംസ്കാര ചടങ്ങുകൾ പൂർത്തയാക്കിയത്. ഏക മകളായ വന്ദനക്ക് അന്ത്യചുംബനം നൽകുന്ന അമ്മ വസന്തകുമാരിയുടേയും അച്ഛൻ മോഹൻ ദാസിന്റേയും ദൃശ്യം തീർത്തും ഹൃദയഭേദകമായ കാഴ്ചയായിരുന്നു. വന്ദനയുടെ അമ്മയുടെ സഹോദരന്റെ മകൻ നിവേദാണ് ചിതക്ക് തീകൊളുത്തിയത്. അവസാനമായി വന്ദനയെ ഒരു നോക്കുകാണാൻ നിരവധി പേരാണ് മുട്ടുചിറയിലെ വീട്ടിലേക്കെത്തിയത്. കേന്ദ്രമന്ത്രി വി.മുരളീധരൻ, മന്ത്രി വി.എൻ വാസവൻ, സ്പീക്കർ എ.എൻ ഷംസീർ, തോമസ് ചാഴിക്കാടൻ എം.പി, എം.എൽ.എമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ് ഉൾപ്പെടെയുള്ള പ്രമുഖർ സംസ്കാര ചടങ്ങിൽ പങ്കെടുത്തു. ആരോഗ്യമന്ത്രി വീണ ജോർജും മുട്ടുചിറയിലെ വീട്ടിലെത്തിയിരുന്നു. വന്ദനയുടെ മാതാപിതാക്കളെ ആശ്വസിപ്പിച്ചതിനു ശേഷമാണ് അവർ അവിടെ നിന്നും പോയത്. കഴിഞ്ഞ ദിവസം വന്ദനയെ കുറിച്ച് അവർ നടത്തിയ പരമാർശം വിവാദമായിരുന്നു. മാധ്യപ്രവർത്തകരോട് ഒന്നും പ്രതികരിക്കാതെയാണ് അവർ മടങ്ങിയത്. സംസ്കാര ചടങ്ങിൽ പങ്കെടുക്കാനെത്തുന്ന മന്ത്രിമാർക്കുനേരെ പ്രതിഷേധമുണ്ടാകുമെന്ന സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രദേശത്ത് ശക്തമായ സുരക്ഷയാണ് ഒരുക്കിയിട്ടുണ്ടായിരുന്നത്. ബാരിക്കേഡുകൾ സ്ഥാപിക്കുകയും പ്രത്യേകമായി പോലിസ് സംഘത്തെ വിന്യസിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇതിനോടൊപ്പം കടുത്തുരുത്തിയിൽ പോലിസ് ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നു. കൊലത്ത് ഡോ. വന്ദനാ ദാസ് പഠിച്ച അസീസിയ മെഡിക്കൽ കോളേജിൽ പൊതുദർശനത്തിന് വച്ച ശേഷമാണ് ഇന്നലെ രാത്രിയോടുകൂടി മൃതദേഹം വീട്ടിലെത്തിച്ചത്. ബുധനാഴ്ച പുലർച്ചെ നാല് മണിയോടുകൂടിയാണ് ഡോ. വന്ദനക്ക് നേരെ ദാരുണമായ ആക്രമണം നടക്കുന്നത്. വൈദ്യപരിശോധനക്കായി എത്തിച്ച വെളിയം ചെറുകരക്കോണം ശ്രീനിലയത്തിൽ ജി.സന്ദീപാ(42)ണ് ആക്രമണം നടത്തിയത്. അഞ്ച് പോലിസുകാർക്കും കുത്തേറ്റിട്ടുണ്ട്. ഇവർ ചികിത്സയിലാണ് പ്രതിയെ കോടതി റിമാൻഡ് ചെയത് പൂജപ്പുര ജയിലിലേക്ക് മാറ്റിയിട്ടുണ്ട്.

**2023 മെയ് 12 വെള്ളി, വൈകീട്ട് നാല് മണിക്ക് സ്പോർട്സ് കൗൺസിൽ ഹാളിൽ വച്ച്**

## 'സാമൂഹ്യനീതിയും ലിംഗസമത്വവും'


## പുസ്തകപ്രകാശനം

**പുസ്തക പ്രകാശനം**




തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ

**ഏറ്റുവാങ്ങൽ**



കെ.ഇ.എൻ കുഞ്ഞഹമ്മദ്

**അധ്യക്ഷൻ**



പി.ആർ നാഥൻ

**മുഖ്യാതിഥി**



മനയത്ത് ചന്ദ്രൻ

**സപ്ലിമെന്റ് പ്രകാശനം**



ഡോ. കെ. കുഞ്ഞാലി

**ആശംസകൾ**



ഡോ. എൻ.എം സണ്ണി
(സെക്രട്ടറി, കാലിക്കറ്റ് ബുക്ക് ക്ലബ്)



ഹരിദാസ് (സംവിധായകൻ)



ഷമീന ടി.കെ (കൗൺസിലർ)

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ പുതിയ ബ്ലോക്കിന് ഡോ. വന്ദന ദാസിന്റെ പേര്

**വന്ദനയുടെ മാതാപിതാക്കളെ ആശ്വസിപ്പിക്കാൻ നടൻ മമ്മൂട്ടിയെത്തി**

കൊല്ലം: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ പുതിയ ബ്ലോക്കിന് ഡോ.വന്ദന ദാസിന്റെ പേര് നൽകും. വന്ദനയോടുള്ള ആദര സൂചകമായാണ് പേര് നൽകുന്നത്.

ഇതു സംബന്ധിച്ച നിർദേശം ആരോഗ്യ വകുപ്പ് ഡയരക്ടർക്ക് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നൽകി. നേരത്തെ ഡോക്ടർ വന്ദനയുടെ മരണവുമായി ബന്ധപ്പെട്ട് നടത്തിയ മന്ത്രിയുടെ പരാമർശം ഏറെ വിവാദമായിരുന്നു. അതേസമയം ഡോ. വന്ദനാ ദാസിന്റെ മാതാപിതാക്കളെ ആശ്വസിപ്പിക്കാൻ നടൻ മമ്മൂട്ടിയെത്തി. കഴിഞ്ഞ ദിവസം രാത്രി എട്ടരയോടെയാണ് ഡോ. വന്ദനാ ദാസിന്റെ മുട്ടുചിറയിലെ വീട്ടിൽ മമ്മൂട്ടി എത്തിയത്. അച്ഛൻ മോഹൻദാസിനോട് മകളെ കുറിച്ച് ചോദിച്ചറിഞ്ഞ മമ്മൂട്ടി അമ്മ വസന്തകുമാരിയേയും ആശ്വസിപ്പിച്ചു.15 മിനിട്ടോളം ബന്ധുക്കൾക്കൊപ്പം നടൻ ചിലവഴിച്ചു. രമേഷ് പിഷാരടി, നിർമാതാവ് ആന്റോ ജോസഫ് എന്നിവരും മമ്മൂട്ടിക്കൊപ്പം ഉണ്ടായിരുന്നു. യുവജന കമ്മീഷൻ മുൻ അധ്യക്ഷ ചിന്താജെറോമും ഡോ. വന്ദനയുടെ വീട്ടിലെത്തിയിരുന്നു.





ഗോൾഡൻ ടെമ്പിളിന് സമീപത്ത് നടന്ന സ്ഫോടനത്തെ തുടർന്ന് അമൃതസറിലെ റെയിൽവേസ്റ്റേഷനിൽ യാത്രക്കാരുടെ സാധനങ്ങൾ സ്നിഫർ ഡോഗിനെക്കൊണ്ട് പരിശോധിപ്പിക്കുന്ന പോലിസുകാർ

# സുവർണ ക്ഷേത്രത്തിന് സമീപം വീണ്ടും സ്ഫോടനം; അഞ്ചുപേർ അറസ്റ്റിൽ

അമൃതസർ: അമൃതസറിൽ സുവർണ ക്ഷേത്രത്തിന് സമീപം കഴിഞ്ഞ ദിവസം രാത്രിയുണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട് അഞ്ചുപേരെ പഞ്ചാബ് പോലിസ് അറസ്റ്റ ചെയ്തു. ബുധനാഴ്ച അർധരാത്രിയോടെയാണ് സുവർണ ക്ഷേത്രത്തിന് സമീപം സ്ഫോടനമുണ്ടായത്. മെയ് ആറിനും എട്ടിനും സുവർണ ക്ഷേത്രത്തിന് സമീപം സ്ഫോടനം നടന്നിരുന്നു.

ദേശീയ അന്വേഷകസംഘവും പഞ്ചാബ് പോലിസും സംയുക്തമായി ഫോറൻസിക് സാമ്പിളുകൾ ശേഖരിച്ച് അന്വേഷണം ആരംഭിച്ചിരുന്നു. സ്ഫോടന ശേഷി കുറഞ്ഞ ബോംബ് ഉപയോഗിച്ച് ആണ് സ്ഫോടനം നടത്തിയത്. ബോംബ് എറിഞ്ഞ ആൾ ഉൾപ്പെടെ അഞ്ച് പേരെയാണ് നിലവിൽ അറസ്റ്റ് ചെയ്തിട്ടുള്ളത്. സ്ഫോടന സ്ഥലത്തുനിന്ന് ലഘുലേഖകൾ കണ്ടെത്തിയതായി പൊലീസ് സൂചനകൾ നൽകുമ്പോൾ തനിക്കൊരു സംഘടനയുമായി ബന്ധമില്ലെന്ന് പ്രധാന പ്രതി മൊഴി നൽകിയതായാണ് റിപ്പോർട്ടുകൾ വരുന്നത്. ചില ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയായിരുന്നു ലക്ഷ്യമെന്നും പ്രതി മൊഴി നൽകിയതായും റിപ്പോർട്ട് വിശദമാക്കുന്നു. മയക്കുമരുന്ന് ഇഞ്ചക്ഷനുകളും പ്രതിയിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. വിവിധ രീതിയിലെ പടക്കങ്ങളിലുപയോഗിക്കുന്ന പൊട്ടാസ്യം ക്ലോറേറ്റ് ഉപയോഗിച്ചാണ് സ്ഫോടനം നടത്തിയതെന്നാണ് പ്രാഥമിക വിവരം.

# ആശ്രിത നിയമന ലിസ്റ്റിൽ അനുകമ്പയുടെ അടിസ്ഥാനത്തിൽ സഹോദരിയെ നിർദേശിക്കാം: മുംബൈ ഹൈക്കോടതി




മുംബൈ: സർക്കാർ ജോലിക്കായുള്ള ആശ്രിത നിയമനത്തിന് നിലവിൽ ലിസ്റ്റിലുള്ള ആളെ മാറ്റി പകരം അനുകമ്പയുടെ അടിസ്ഥാനത്തിൽ സഹോദരിയുടെ പേര് നിർദേശിക്കാമെന്ന് മുംബൈ ഹൈക്കോടതി വിധി. നാസിക് സ്വദേശിയായ ശുഭാംഗിയുടെ പിതാവ് നാസിക് മുനിസിപ്പൽ കോർപറേഷനിൽ സീനിയർ ക്ലർക്കായി ജോലി ചെയ്യവേ 2014 ഏപ്രിൽ 21-നാണ് മരിക്കുന്നത്. തുടർന്ന് അച്ഛന്റെ ആശ്രിത ജോലിക്ക് 2014 മെയ് മാസം അദ്ദേഹത്തിന്റെ മകൻ ഗൗരവ് അപേക്ഷ നൽകി. ഇതിനിടെ 2018ൽ ശുഭാംഗി തന്റെ ബിരുദ പഠനം പൂർത്തിയാക്കി.

പിതാവ് മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സഹോദരന് ലഭിക്കേണ്ടിയിരുന്ന ആശ്രിതനിയമനം ലഭിക്കാതെ വരികയും സഹോദരൻ മറ്റൊരു ജോലിയിൽ പ്രവേശിക്കുകയും വൃദ്ധയായ അമ്മയെ സംരക്ഷിക്കേണ്ടതിനാൽ പിതാവിന്റെ ജോലി തനിക്ക് വേണമെന്ന് ആവശ്യപ്പെട്ടാണ് ശുഭാംഗി കോടതിയെ സമീപിച്ചത്. ഗൗരവിന് മറ്റൊരു ജോലി ശരിയായപ്പോൾ അദ്ദേഹത്തിന്റെ സമ്മതത്തോടെ ശുഭാംഗി അച്ഛന്റെ ആശ്രിത ജോലി സഹോദരന് പകരം തനിക്ക് നൽകണമെന്നും ഇതിനായുള്ള ലിസ്റ്റിൽ തന്റെ പേര് ചേർക്കണമെന്നും ആവശ്യപ്പെട്ട് നാസിക് മുനിസിപ്പൽ കോർപ്പറേഷന് (എൻ.എം.സി) കത്തെഴുതി. നാലുകൾക്ക് ശേഷം ജോലിയിൽ ഒഴിവ് വന്നെന്നും അതിനാൽ ജോലി അപേക്ഷയ്ക്കായി രേഖകൾ സമർപ്പിക്കാനാവശ്യപ്പെട്ട് എൻ.എം.സിയുടെ എഴുത്ത് ഗൗരവിന് ലഭിച്ചു.

ഇതേ തുടർന്ന് തന്റെ അപേക്ഷ എൻ.എം.സി പരിഗണിച്ചില്ലെന്ന് പരാതിപ്പെട്ട് ശുഭാംഗി നൽകിയ പരാതിയിലാണ് കോടതി വിധി. 202 അപേക്ഷകളിൽ വേയ്റ്റിംഗ് ലിസ്റ്റിൽ 22-ാം സ്ഥാനത്താണ് ഗൗരവ് ഉള്ളതെന്നാണ് എൻ.എം.സി അറിയിച്ചത്. 2017 സെപതംബർ 21ലെ സർക്കാർ ഉത്തരവിൽ മരണം സംഭവിക്കുന്ന സാഹചര്യത്തിലല്ലാതെ ഒരു ഉദ്യോഗാർഥിയുടെ പേര് പകരം വയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ആശ്രിതനിയമത്തിലില്ല. ആശ്രിത നിയമനത്തിനായി വെയിറ്റിംഗ് ലിസ്റ്റിലുള്ള പേര് മാറ്റി മറ്റൊരു പേര് നിർദേശിക്കുന്നത് തടഞ്ഞിരുന്ന 2015ലെ സർക്കാർ ഉത്തരവുമായി ബന്ധപ്പെട്ട് മുഹമ്മദ് സക്കിയോദ്ദീന്റെ കേസിൽ 2017ൽ ഔറംഗബാദ് ബെഞ്ചിന്റെ ഉത്തരവ് ശുഭാംഗിയുടെ അഭിഭാഷകൻ യശോദീപ് ദേശ്മുഖ് ഉദ്ധരിച്ചു.

മുഹമ്മദ് സക്കിയോദ്ദീന്റെ കാര്യത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിലവിലെ കേസിൽ പൂർണമായും ബാധകമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കോടതി വിധിയെ തുടർന്ന് 2021 ജൂണിൽ ഗൗരവിന് കത്ത് നാസിക് മുനിസിപ്പൽ കോർപ്പറേഷൻ റദ്ദാക്കുകയും പകരം ശുഭാംഗിയുടെ പേര തത്സാത്ത് ചേർക്കുകയും ചെയ്തു.



# മോക്ക ചുഴലിക്കാറ്റ്; സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴക്ക് സാധ്യത

തിരുവനന്തപുരം: മോക്ക ചുഴലിക്കാറ്റിനെ തുടർന്ന് സംസ്ഥാനത്തെ ഒറ്റപ്പെട്ടയിടങ്ങളിൽ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രംഅറിയിച്ചു. പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ബംഗാൾ ഉൾക്കടലിലെ തീവ്രമർദം ഏതാനും മണിക്കൂറുകൾക്കുള്ളിൽ മോക്ക ചുഴലിക്കാറ്റായി മാറുമെന്നാണ് മുന്നറിയിപ്പ്. വടക്ക് ,വടക്ക് പടിഞ്ഞാറൻ ദിശയിൽ സഞ്ചരിക്കുന്ന മോഖ, പിന്നീട് ബംഗ്ലാദേശ്, മ്യാൻമാർ തീരത്തേക്ക് നീങ്ങും. മണിക്കൂറിൽ 130 കി.മീ വരെ വേഗതയുണ്ടാകും. തീരം തൊടും മുമ്പേ ദുർബലമാകുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചത്.

# രാഹുൽ ഗാന്ധിയുടെ അപ്രതീക്ഷിത സന്ദർശനം അന്തസിന് നിരക്കാത്തതെന്ന് ഡൽഹി യൂണിവേഴ്സിറ്റി



ഡൽഹി യൂണിവേഴ്സിറ്റിയിലെ പിജി ഹോസറ്റലിലെത്തിയ രാഹുൽ ഗാന്ധി മെസ്സിൽ വച്ച് വിദ്യാർഥികളുമായി സംവദിക്കുന്നു

ന്യൂഡൽഹി: രാഹുൽ ഗാന്ധിയുടെ അപ്രതീക്ഷിത സന്ദർശനം അന്തസിനു നിരക്കാത്ത പെരുമാറ്റമാണെന്ന് ഡൽഹി യൂണിവേഴ്സിറ്റി പ്രോവോസ്റ്റ് കെ.പി സിങ്. കഴിഞ്ഞയാഴ്ച യൂണിവേഴ്സിറ്റിയുടെ പി.ജി ഹോസ്റ്റൽ സന്ദർശിച്ച രാഹുലിന്റെ പെരുമാറ്റം ഇസഡ് പ്ലസ് സുരക്ഷയുള്ള ഒരാളിൽ നിന്നും ഉണ്ടാകാൻ പാടില്ലാത്തതാണന്നും യൂണിവേഴ്സിറ്റിയിലേക്ക് അതിക്രമിച്ച് കയറിയ രാഹുലിന്റെ നടപടി ഉത്തരവാദിത്വമില്ലാത്തതാണെന്നും രാഹുൽ ഗാന്ധിക്ക് അയച്ച രണ്ടുപേജുള്ള നോട്ടിൽ അദ്ദേഹം വിമർശിച്ചു. അനുമതി വാങ്ങാതെ രാഹുൽ ഗാന്ധിയുടെ സന്ദർശനം വിദ്യാർഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും അവർക്ക് ഭക്ഷണം ലഭിക്കാതെ വരികയും ചെയതെന്ന് നേരത്തെ യൂണിവേഴ്സിറ്റി പ്രോക്ടർ രജനി അബി ആരോപിച്ചിരുന്നു.

## ബ്രിജ്ഭൂഷണെതിരായ പരാതി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ രഹസ്യമൊഴി രേഖപ്പെടുത്തി



ന്യൂഡൽഹി: ബി.ജെ.പി എം.പിയും ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷനുമായ ബ്രിജ് ഭൂഷൺ സിങിനെതിരായ ലൈംഗികാതിക്രമ പരാതിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ രഹസ്യമൊഴി രേഖപ്പെടുത്തി.

ബുധനാഴ്ചയാണ് പെൺകുട്ടി മജിസ്ട്രേറ്റിന് മുന്നിൽ മൊഴി നൽകിയത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടി ഉൾപ്പെടെ ഏഴ് വനിതാ ഗുസ്തിതാരങ്ങളാണ് ബ്രിജ് ഭൂഷണെതിരേ ലൈംഗിക പീഡന പരാതി നൽകിയത്. നിരന്തര ലൈംഗികാതിക്രമം നടത്തിയ ബ്രിജ് ഭൂഷണെതിരേ നടപടിയില്ലാത്ത സാഹചര്യത്തിൽ ഗുസ്തിതാരങ്ങളുടെ സമരം തുടരുകയാണ്. ഏതാനും ടൂർണമെന്റുകളുടെ വിവരങ്ങളും മറ്റ് രേഖകളും ആവശ്യപ്പെട്ട് ഗുസ്തി ഫെഡറേഷന് നോട്ടീസ് നൽകിയിട്ടുണ്ട്. ഒളിമ്പ്യൻ മേരി കോമിന്റെ നേതൃത്വത്തിൽ രൂപം നൽകിയ മേൽനോട്ട സമിതിയുടെ റിപ്പോർട്ട് പോലിസ് തേടിയിട്ടുണ്ട്.

# അത്യാവശ്യഘട്ടങ്ങളിൽ രക്തത്തിനായി കാത്തിരിക്കേണ്ട; ഐ ഡ്രോൺ കൊണ്ടുവരും രക്തബാഗ്



ന്യൂഡൽഹി: രാജ്യത്തെ ആശുപത്രികളിൽ രക്തം കിട്ടാതെ ചികിത്സ മുടങ്ങുന്ന സാഹചര്യങ്ങൾക്ക് പരിഹാരമായി ഐ ഡ്രോൺ പദ്ധതി. അപകടങ്ങളിലും മറ്റ് അത്യാഹിതങ്ങളിലും പെട്ടെന്ന രക്തത്തിനായി കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കനുള്ള ഐ ഡ്രോൺ പദ്ധതിയുടെ ട്രയൽ റൺ വിജയകരമായി പൂർത്തിയായി. ഐ.സി.എം ആറിന്റെ നേതൃത്വത്തിലാണ് ഐ ഡ്രോൺ വഴി രക്തബാഗ് കൃത്യമായി ലക്ഷ്യസ്ഥാനത്ത് എത്തിച്ചതിന്റെ ട്രയൽ റൺ നടത്തിയത്. രക്തവും അനുബന്ധ വസ്തുക്കളും ഡ്രോൺ വഴി വിജയകരമായി എത്തിച്ചിരിക്കുകയാണ്. കുറഞ്ഞ താപനിലയിൽ സൂക്ഷിക്കേണ്ട ഇവയുടെ താപനില കൃത്യമായി നിലനിർത്താൻ പരീക്ഷണത്തിൽ സാധിക്കുക മാത്രമല്ല ഒരു തകരാറും സംഭവിക്കാതെ എത്തിക്കാൻ കഴിഞ്ഞുവെന്ന് ഐ.സി.എം.ആർ ഡയരക്ടർ ജനറൽ ഡോ. രാജീവ്ബാൽ പറഞ്ഞു. കൊവിഡ് കാലത്ത് ഐ ഡ്രോൺ വഴി വിദൂര സ്ഥലങ്ങളിൽ വാക്സിനുകൾ എത്തിക്കാൻ കഴിഞ്ഞിരുന്നു. ആംബുലൻസിൽ കൊണ്ടുപോകുന്നതുപോലെ സുരക്ഷിതമാണെന്ന് കണ്ടാൽ ഡ്രോണുകളെ ആരോഗ്യമേഖലയിൽ കൂടുതലായി ഉപയോഗിച്ച് വിദൂരസ്ഥലങ്ങളിൽ രക്തമെത്തിക്കാൻ കഴിയുമെന്ന് ഡോ. രാജീവ്ബാൽ പറഞ്ഞു.

## ഡൽഹിയിലെ ഉദ്യോഗസ്ഥ നിയമനം: കേന്ദ്ര സർക്കാരിന് തിരിച്ചടിയായി സുപ്രീം കോടതി വിധി

ന്യൂഡൽഹി: ഡൽഹിയിലെ ഉദ്യോഗസ്ഥ നിയമനത്തിൽ അരവിന്ദ് കെജ്രിവാൾ സർക്കാരിന് അനുകൂലമായി സുപ്രീംകോടതി വിധി. ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട് ഡൽഹി സർക്കാരും ലെഫ്റ്റനന്റ് ഗവർണറും തമ്മിലുള്ള തർക്കത്തിലാണ് സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് നിർണായക വിധി പുറപ്പെടുവിച്ചത്. ഭരണഘടനയുടെ 239 അനുച്ഛേദ പ്രകാരം ആർക്കാണ് ഡൽഹിയിലെ ഭരണപരമായ അധികാരമെന്ന തർക്കത്തിലാണ് അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ നിർണായക വിധി. ഭരിക്കാനുള്ള അധികാരം തെരഞ്ഞെടുക്കപ്പെടുന്നവർക്കാണെന്നും മന്ത്രിസഭയുടെ നിർദേശപ്രകാരമാണ് ലെഫ്റ്റനന്റ് ഗവർണർ പ്രവർത്തിക്കേണ്ടതെന്നും ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി. ഡൽഹിയിലെ ഐ.എ. എസ് ഉദ്യോഗസ്ഥരുടെ നിയമനത്തിലും സ്ഥലംമാറ്റത്തിലും സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്നും ക്രമസമാധാനം, റവന്യൂ ഒഴികെയുള്ളവയിൽ ഡൽഹി സർക്കാരിന് അധികാരമുണ്ടെന്നും കോടതി വ്യക്തമാക്കി. ലെഫ്റ്റനന്റ് ഗവർണറെ ഉപയോഗിച്ച് കേന്ദ്രസർക്കാർ ഡൽഹിയിലെ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നു എന്ന ആരോപണമുന്നയിച്ച് കെജ്രിവാൾ ഗവൺമെന്റിന്റെ പരാതിയിലാണ് വിധി എന്നത് കേന്ദ്രസർക്കാരിന് തിരിച്ചടിയായി. ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണമില്ലാത്ത സർക്കാർ രാജ്യം ഇല്ലാത്ത രാജാവിനെ പോലെയാണെന്ന് സർക്കാർ കോടതിയിൽ വാദിച്ചു. ഡൽഹി രാജ്യതലസ്ഥാനമായതിനാൽ ഡൽഹിയിലെ ഭരണത്തിൽ മുഖ്യപങ്ക് തങ്ങൾക്കാണെന്നായിരുന്നു കേന്ദ്ര നിലപാട്.

## അർജന്റീനൻ സർക്കാർ തന്നെ വധിക്കാൻ പദ്ധതിയിട്ടു: വെളിപ്പെടുത്തലുമായി ഫ്രാൻസിസ് മാർപാപ്പ



ബുഡാപെസ്റ്റ്: അർജന്റീനൻ സർക്കാർ തന്നെ വധിക്കാൻ പദ്ധതിയിട്ടിരുന്നുവെന്ന വെളിപ്പെടുത്തലുമായി ഫ്രാൻസിസ് മാർപ്പാപ്പ. ഹംഗറി സന്ദർശിക്കുന്നതിനിടെ ഈശോസഭയുമായി നടത്തിയ സ്വകാര്യ ചർച്ചയിലാണ് മാർപാപ്പ ഇതിനെ സംബന്ധിച്ച് വെളിപ്പെടുത്തിയത്. ബ്യൂണസ് ഐറിസിൽ ആർച്ച് ബിഷപ്പ് ആയിരുന്ന കാലത്താണ് വധശ്രമമുണ്ടായത്. 1970കളിലെ സൈനിക സ്വേച്ഛാധിപത്യവുമായി മാർപാപ്പ സഹകരിച്ചുവെന്ന തരത്തിലുള്ള വാസ്തവരഹിതമായ ആരോപണങ്ങളെ തുടർന്നാണ് അർജന്റീനൻ സർക്കാർ അത്തരത്തിലൊരു തീരുമാനത്തിലെത്തിയതെന്നും മാർപാപ്പ പറഞ്ഞു, ഇറ്റാലിയൻ ജെസ്യൂട്ട് മാധ്യമമായ സിവിൽറ്റ കത്തോലിക്കയാണ് മാർപാപ്പയുടെ വെളിപ്പെടുത്തൽ റിപ്പോർട്ട് ചെയ്തത്. 1998 മുതൽ 2013 വരെയായിരുന്നു ജെസ്യൂട്ട് വൈദികനായ ഫ്രാൻസിസ് മാർപാപ്പ ബ്യൂണസ് ഐറിസ് ആർച്ച് ബിഷപ്പ് ആയി സേവനം അനുഷ്ഠിച്ചത്. 1976ൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്ക് സഹായം ചെയ്തുവെന്ന് ആരോപിച്ച് സൈനിക ഭരണകൂടം രണ്ട് ജെസ്യൂട്ട് വൈദികരെ അറസ്റ്റ് ചെയ്തിരുന്നു. ഈ വൈദികരെ ഒറ്റിക്കൊടുത്തത് അന്നത്തെ ജെസ്യൂട്ട് സഭയുടെ സുപ്പീരിയർ ആയിരുന്ന മാർപാപ്പയാണെന്നായിരുന്നു ആരോപണം ഉയർന്നിരുന്നത്. എന്നാൽ 2010ൽ ബ്യൂണസ് ഐറിസിലെ ആർച്ച് ബിഷപ്പ് ആയിരുന്ന സമയത്ത് മാർപാപ്പ തന്റെ നിരപരാധിത്വം കോടതിയിൽ തെളിയിക്കുകയായിരുന്നു.

## രാഹുൽഗാന്ധിക്ക് തടവുശിക്ഷ വിധിച്ച ജഡ്ജിയുൾപ്പെടെ 68 പേരുടെ സ്ഥാനക്കയറ്റം സ്റ്റേ ചെയ്ത് സുപ്രീംകോടതി

ന്യൂഡൽഹി: 68 ജഡ്ജിമാരുടെ സ്ഥാനക്കയറ്റം സ്റ്റേ ചെയ്ത് സുപ്രീംകോടതി. മോദി പരാമർശത്തെ തുടർന്നുള്ള അപകീർത്തി ക്കേസിൽ രാഹുൽഗാന്ധിക്ക് രണ്ട് വർഷം തടവുശിക്ഷ വിധിച്ച ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് ഹരീഷ് ഹസ്മുഖ് ഭായ് വർമ ഉൾപ്പെടെയുള്ളവരെ ജില്ലാ ജഡ്ജിമാരാക്കി ഉയർത്തിയ നടപടിയാണ് സുപ്രീം കോടതി സ്റ്റേ ചെയ്തത്. വിജ്ഞാപനം ഇറക്കിയത് അധികാരത്തിൻ മേലുള്ള കടന്നുകയറ്റമാണെന്ന് സുപ്രീം കോടതി പറഞ്ഞു. സ്ഥാനക്കയറ്റത്തിന് എതിരായ ഹർജി കോടതിയുടെ പരിഗണനയിലാണ്. സൂറത്ത് മജിസ്ട്രേറ്റ് കോടതി ജഡ്ജിയായ ഹരീഷ് ഹസ്മുഖ് ഭായ് വർമയ്ക്ക് രാജ്ക്കോട്ട് ജില്ലാ ജഡ്ജിയായാണ് സ്ഥാനക്കയറ്റം നൽകിയിരുന്നത്.

# ബുദ്ധമത തത്വങ്ങൾ ലോകത്തിന് മുന്നിൽ പ്രചരിപ്പിക്കേണ്ടത് ഇന്ത്യ; മീനാക്ഷി ലേഖി

ന്യൂഡൽഹി: ഗൗതമ ബുദ്ധനുമായി ബന്ധപ്പെട്ട ലുംബിനിയും ബോധ്ഗയയും നേപ്പാളിലാണെന്നും അതിനാൽ ഇന്ത്യ നേപ്പാളുമായി അടുത്ത് ബന്ധപ്പെട്ടു കിടക്കുകയാണെന്നും കേന്ദ്രമന്ത്രി മീനാക്ഷി ലേഖി. ഡൽഹിയിൽ ബുദ്ധ പൂർണിമ ആഘോഷത്തിന്റെ ഭാഗമായി 'ബുദ്ധം ചരണം ഗച്ഛാമി' പ്രദർശനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുയായിരുന്നു മീനാക്ഷി ലേഖി. 2500 വർഷങ്ങൾക്ക് മുമ്പുള്ള ബുദ്ധമത തത്വങ്ങൾ ഇന്നും പ്രസക്തമാണെന്നും ബുദ്ധ തത്വങ്ങളുടേയും കലയുടേയും സംസ്കാരത്തിന്റേയും കേന്ദ്രമായ ഇന്ത്യയാണ് ബുദ്ധമത തത്വങ്ങൾ ലോകത്തിന് മുന്നിൽ എത്തിക്കാൻ മുൻകൈ എടുക്കേണ്ടതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. മുതിർന്ന ബുദ്ധ സന്യാസികളുടെ സാന്നിധ്യത്തിൽ ഇന്നലെയാണ് ഡൽഹിയിലെ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്സിൽ പ്രദർശനം ആരംഭിച്ചത്. ബുദ്ധന്റെ ജീവിതം അടിസ്ഥാനമാക്കിയുള്ളതാണ് പ്രദർശനം. ആഗോളതലത്തിലെ ബുദ്ധ സംസ്കാരത്തിലെ കലാപരമായ യാത്രയിലൂന്നിയുള്ളതാണ് പ്രദർശനം. ബുദ്ധ വിചാരങ്ങളും ചരിത്രവും പ്രദർശനം കൈകാര്യം ചെയ്യുന്നുണ്ട്. ഡ്രേപംഗ് ഗോമംഗ് ആശ്രമത്തിലെ കുണ്ടെലിംഗ് ടാറ്റ്സാക് റിംപോച്ചെയായിരുന്നു ചടങ്ങിലെ വിശിഷ്ടാതിഥി. സഹജീവികളോട് അനുകമ്പാമനോഭാവത്തോട് കൂടി പെരുമാറാൻ എല്ലാവരും ബുദ്ധ തത്വങ്ങൾ പിന്തുടരുന്നത് ഉചിതമാണെന്ന് അദ്ദേഹം പറഞ്ഞു.



'ബുദ്ധം ചരണം ഗച്ഛാമി' പ്രദർശനം ഉദ്ഘാടനം ചെയ്യുന്ന കേന്ദ്രമന്ത്രി മീനാക്ഷി ലേഖി





1. ചാംപ്യൻസ് ലീഗ് ആദ്യപാദ സെമിഫൈനലിൽ എസി മിലാനെ പരാജയപ്പെടുത്തിയശേഷം കാണികളെ ആഭിവാദ്യം ചെയ്യുന്ന ഇന്റർമിലാൻ താരങ്ങൾ 2. ഇന്ററിനായി ആദ്യഗോൾ നേടുന്ന എഡിൻ ജൊക്കോ

# ഇന്റർ ഷോ

## ആദ്യപാദത്തിൽ എസി മിലാനെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ച് ഇന്റർമിലാൻ

മിലാൻ: യുവേഫ ചാംപ്യൻസ് ലീഗ് ആദ്യപാദ സെമിഫൈനലിൽ എസി മിലാനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി ഇന്റർമിലാൻ. എഡിൻ ജൊക്കോയും ഹെൻറിക് മഖിതെര്യാനുമാണ് ഇന്ററിനായി ഗോളുകൾ നേടിയത്. 20 വർഷത്തിന് ശേഷമാണ് ചാംപ്യൻസ് ലീഗിൽ ഇരുടീമുകളും ഏറ്റുമുട്ടിയത്. അന്ന് ഇരുപാദങ്ങളിലും സമനിലയായിരുന്നെങ്കിലും എവേ ഗോളിന്റെ അടിസ്ഥാനത്തിൽ എസി മിലാൻ സെമിയിലേക്ക് കടക്കുകയായിരുന്നു. മിലാൻ ഡർബി കാണാൻ 80000ത്തിലേറെ കാണികളാണ് ബുധനാഴ്ച സാൻസിറോ സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തിയത്. മുൻ ഇന്റർ-എസി മിലാൻ ടീമംഗങ്ങളും എസി മിലാന്റെ ആരാധകനായ ടെന്നീസ് താരം നൊവാക് ജോക്കോവിച്ചും മത്സരം കാണാൻ എത്തിയിരുന്നു. മത്സരത്തിന്റെ തുടക്കം തന്നെ ആക്രമണോത്സുക കളിയാണ് ഇന്റർമിലാൻ കാഴ്ചവച്ചത് അത് അവർക്ക് ലക്ഷ്യത്തിലെത്തിക്കാനും സാധിച്ചു. എട്ടാം മിനിട്ടിൽ അറ്റാക്കിങ് മിഡ്ഫീൽഡറായ ഹകാൻ ചാൽഹനോളുവിന്റെ കോർണർ കിക്കിൽ നിന്നാണ് ഇന്റർ മിലാൻ ആദ്യഗോൾ നേടിയത്. ഒരുഗ്രൻ ഇടംകാൽ വോളിയിലൂടെ എഡിൻ ജൊക്കോ ഹകാന്റെ കോർണർ കിക്ക് എസി മിലാന്റ വലയിലേക്ക് തുളച്ചു കയറ്റി. എസി മിലാൻ തരിച്ചുപോയ നിമിഷം. തിരികെ കളിയിലേക്ക് എത്തുന്നതിന് മുമ്പേ എസി മിലാന് അടുത്ത പ്രഹരവുമേറ്റു. ഇത്തവണ ഹെൻറിക് മഖിതെര്യാനിലൂടെ ഇന്റർ മിലാൻ ലീഡുയർത്തി. 11ാം മിനിട്ടിലായിരുന്നു രണ്ടാം ഗോൾ പിറവിയെടുത്തത്.

ഫെഡറിക്കോ ഡിമാർക്കോയുടെ അസിസ്റ്റിൽ നിന്ന് ഹെൻറിക് തെടുത്തുവിട്ട ക്ലോസ് റേഞ്ച് ഷോട്ടിന് മുന്നിൽ എസി മിലാന്റെ ഗോളി മൈക്ക് മൈഗ്നന് മറുപടിയില്ലായിരുന്നു.

തുടർന്നുള്ള സമയങ്ങളിൽ ഗോൾ വഴങ്ങാതിരിക്കാൻ ശ്രമിച്ച ഇന്റർമിലാന് മുന്നിൽ എസി മിലാന്റെ ഒരു തന്ത്രവും ഫലിച്ചില്ല. എസി മിലാന്റെ പ്രധാന ഫോർവേർഡ് താരമായ റാഫേൽ ലിയോയുടെ അഭാവം അവരുടെ കളിയിൽ പ്രകടമായിരുന്നു. 16ന് അർധരാത്രി 12.30ന് ഇതേ വേദിയിലാണ് രണ്ടാംപാദ സെമിഫൈനൽ മത്സരം നടക്കുക.

## 'ലഹരിക്കടിമപ്പെട്ടവരെ ജോലിയിൽ നിന്നും മാറ്റി നിർത്തണം'

കോഴിക്കോട്: ലോകം മുഴുവൻ മയക്കുമരുന്ന് ലഹരി വിപത്തിനെതിരേ ശക്തമായ പ്രതിരോധങ്ങൾ തീർക്കുമ്പോഴും സമൂഹത്തിന് മാതൃകയാവേണ്ടുന്ന അധ്യാപകർ ഉൾപ്പെടെയുള്ളർ ഇത്തരം പ്രവണതകളിൽ വ്യാപരിക്കുന്നത് ഒഴിവാക്കേണ്ടത് അനിവാര്യമാണെന്ന് രാഷ്ട്രഭാഷാ വേദി അടിയന്തര ഭാരവാഹി തല ഓൺലൈൻ യോഗം നിർദേശിച്ചു. ലഹരിക്ക് അടിമകളായവരെ അവർ വഹിക്കുന്ന ചുമതലകളിൽ നിന്നും എത്രയും വേഗം ഒഴിവാക്കാൻ സർക്കാരുകളും ബന്ധപ്പെട്ടവരും തയ്യാറാകണമെന്ന് രാഷ്ട്രഭാഷാ വേദി അഭിപ്രായപ്പെട്ടു. സ്റ്റേറ്റ് രക്ഷാധികാരി ഗോപി ചെറുവണ്ണൂരിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രാഷ്ട്രഭാഷ വേദി ഭാരവാഹികളായ ആർ.കെ ഇരവിൽ, ശ്രീധരൻ പറക്കാസ്, ശ്രീധരൻ കുയ്യലക്കണ്ടി, ആനന്ദ് കുമാർ വി.എം, ശിവാനന്ദൻ. പി, എൻ.പി മോഹനൻ, പി.ടി ജയപ്രകാശ്, പി.ടി നിസാർ എന്നിവർ സംസാരിച്ചു.

## നാദാപുരത്ത് പൊതുസ്ഥാപനങ്ങളിൽ ഹരിതചട്ടം കർശനമായി പാലിക്കും; ശുചിത്വ ഓഡിറ്റ് നടത്തും

നാദാപുരം: സമ്പൂർണ ശുചിത്വ പഞ്ചായത്തായി മാറുന്നതിന്റെ ഭാഗമായി നടത്തുന്ന 'നവകേരളം വൃത്തിയുള്ള കേരളം ' ക്യാമ്പയിനോടനുബന്ധിച്ച് സ്ഥാപന മേധാവികളുടെ യോഗം ചേർന്നു. സർക്കാർ സ്ഥാപനങ്ങൾ , സ്കൂളുകൾ , വലിയ ഷോപ്പിംഗ് കോംപ്ലക്സുകൾ, മത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികളാണ് പഞ്ചായത്തിൽ യോഗം ചേർന്നത്. ഹരിത ചട്ടങ്ങൾ കർശനമായി എല്ലാ ഓഫിസുകളും പാലിക്കുന്നതാണ്. മുഴുവൻ ഓഫീസുകളും വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിക്കും. ഇതിന്റെ ഭാഗമായി മുഴുവൻ ജീവനക്കാർക്കും പ്രത്യേക അവബോധം നൽകും. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ ഹരിത കർമസേനക്ക് കൈമാറുകയും ചെയ്യും. യോഗം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.സി സുബൈർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.ഷാഹുൽ ഹമീദ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് , അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ, ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു, വിവിധ സ്ഥാപന പ്രതിനിധികളായ വി.കെ ദിനേശൻ, കെ.സി ഹൻലലത്ത്, പി.സുകുമാരൻ, എം.വി രജീഷ് , കെ.പി വിനോദ് എ.സതീഷ്, എം.രവി, സി.എച്ച് സിദ്ദിഖ്, ടി.ജുബീഷ്, കെ.എം രസിജ, ടി.എം.വി അബ്ദുൽഹമീദ് എന്നിവർ സംസാരിച്ചു.



'നവകേരളം വൃത്തിയുള്ള കേരളം' ക്യാമ്പയിനോടനുബന്ധിച്ച് നാദാപുരത്ത് സംഘടിപ്പിച്ച സ്ഥാപന മേധാവികളുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി

## 'പാസഞ്ചർ തീവണ്ടികളിലെ എക്സ്പ്രസ് നിരക്ക് പിൻവലിക്കണം'



കോഴിക്കോട്: റെയിൽവെ വരുമാനം വർധിച്ച സാഹചര്യത്തിൽ പാസഞ്ചർ ട്രെയിനുകളിൽ എക്സ്പ്രസ് നിരക്ക് വാങ്ങുന്നത് നിർത്തണമെന്നും മുതിർന്ന പൗരന്മാർക്കുള്ള യാത്രാഇളവ് പുനഃസ്ഥാപിക്കണമെന്നും കോഴിക്കോട് ജില്ലാ ഉപഭോക്തൃ വിദ്യാഭ്യാസ സമിതി ആവശ്യപ്പെട്ടു. കൊവിഡ് കാലത്ത് ഏർപ്പെടുത്തിയ അധിക നിരക്ക് ഇപ്പോഴും വസൂലാക്കുന്നതും ഇളവുകൾ നൽകാത്തതും ജനങ്ങളോട് ചെയ്യുന്ന ക്രൂരതയാണെന്ന് യോഗത്തിൽ പങ്കെടുത്തവർ പറഞ്ഞു. ഇക്കാര്യം ആവശ്യപ്പെട്ട് റെയിൽവേ മന്ത്രി, റെയിൽ ബോർഡ് ചേയർമാൻ, മറ്റ് ബന്ധപ്പെട്ട അധികാരികൾ, ജനപ്രതിനിധികൾ എന്നിവർക്ക് സമിതി പ്രസിഡന്റ് നിവേദനം നൽകി. യോഗത്തിൽ പ്രസിഡന്റ് പി.ഐ.അജയൻ അധ്യക്ഷത വഹിച്ചു. പദ്മനാഭൻ വേങ്ങേരി, വി.പി സനീബ്കുമാർ, വി.ചന്ദ്രശേഖരൻ, സാബുമാത്യു, ഇ.ദിനചന്ദ്രൻ നായർ, വനജ ചീനംകുഴിയിൽ വെളിപാലത്ത്ബാലൻ, ഗൗരിശങ്കർ, ടി.സി അബ്ദുൾ കരീം, ശോഭ.സി.ടി, എം.അബ്ദുറഹിമാൻ, കെ.മാധവൻ, പി.പി.വൈരമണി എന്നിവർ സംസാരിച്ചു.

## പാലയാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ചിത്രമതിൽ തീർത്തു

തലശ്ശേരി: അറുപത് വർഷം പിന്നിട്ട പാലയാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ നാളിതുവരെയുള്ള പൂർവ വിദ്യാർഥികളുടെ മഹാസംഗമം 'വയലറ്റ്' എന്ന പേരിൽ 14ന് ഞായറാഴ്ച സംഘടിപ്പിക്കുകയാണ്. സംഗമത്തിന് മുന്നോടിയായി സ്കൂളിന്റെ മതിലിൽ വൈവിധ്യങ്ങളായ ചിത്രങ്ങൾ വരച്ച് ചിത്രമതിൽ വരച്ചു. ലഹരി മരണത്തിലേക്കുള്ള കൗണ്ട്ഡൗൺ, വിദ്യയാണ് ലഹരി, ബുദ്ധൻ, കടൽത്തീരം, തലശ്ശേരി കോട്ട തുടങ്ങി നിരവധി ചിത്രങ്ങൾ ഹൈസ്കൂളിന്റെ മതിലിൽ മിഴി തുറന്നു.സെൽവൻ മേലൂരിന്റെ നേതൃത്വത്തിൽ എ.സത്യനാഥ്, സന്തോഷ് മുഴപ്പിലങ്ങാട് ഷമിൽ കുമാർ,നീതു അണ്ടല്ലൂർ , രാഗേഷ് പുന്നോൽ, സുരേഷ് പാനൂർ, ലിജിന ഷിജിത്ത്, എം.പി. റവിന, ഷാജി ചാലാടൻ, എ.രവീന്ദ്രൻ, പ്രദീഷ് മേലൂർ പി.കെ ഷീന, ഡി. പ്രിയങ്ക എന്നീ കലാകാരന്മാരാണ് ചിത്രങ്ങൾ വരച്ചത്. ചിത്രമതിലിന്റെ സമർപ്പണം പ്രശസ്ത ചിത്രകാരൻ കെ.കെ മാരാർ നിർവ്വഹിച്ചു. വയലറ്റ് സംഘാടക സമിതി ചെയർമാനും ധർമടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ എൻ.കെ രവി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ പി. ശ്രീജിത്ത്, സെൽവൻ മേലൂർ, പി.ടി.എ പ്രസിഡന്റ് വി.ജി ബിജു സംസാരിച്ചു.



പാലയാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ചിത്രമതിലിന്റെ സമർപ്പണം കെ.കെ മാരാർ നിർവഹിക്കുന്നു

# ജയ ജയ ജയ്സ്വാൾ...

## കൊൽക്കത്തക്കെതിരേ രാജസ്ഥാന് ഒമ്പത് വിക്കറ്റ് വിജയം. യശസ്വി ജയ്സ്വാൾ (98*) വിജയശിൽപി


മത്സരശേഷമുള്ള യശസ്വി ജയ്സ്വാളിന്റെ വിജയാഹ്ലാദം

കൊൽക്കത്ത: രാജസ്ഥാന്റെ യശസ്സ് വാനോളം ഉയർത്തുകയാണ് യശസ്വി ജയ്സ്വാൾ. ഓരോ മത്സരം കഴിയുമ്പോഴും ആവനാഴിയിലെ ഓരോ അസ്ത്രങ്ങളും എതിരാളികൾക്കു നേരെ പ്രയോഗിക്കുകയാണയാൾ. മാസ്മരികം എന്നു മാത്രമേ അയാളുടെ കളി കാണുമ്പോൾ പറയാൻ കഴിയുകയുള്ളൂ. ആക്രമണോത്സുകത മുഖമുദ്രയാക്കിയെടുത്ത ജയ്സ്വാളിന്റെ ബലത്തിൽ നിർണായക മത്സരത്തിൽ കൊൽക്കത്തയെ തകർത്ത് തരിപ്പണമാക്കി രാജസ്ഥാൻ റോയൽസ്.

ഒമ്പത് വിക്കറ്റും 41 ബോളും ബാക്കി നിൽക്കെയാണ് രാജസ്ഥാൻ പ്ലേ ഓഫ് സാധ്യതകൾ സജീവമാക്കി ജയിച്ചുകയറിയത്. ടോസ് നേടി കൊൽക്കത്തയെ ബാറ്റിങ്ങിനയച്ച സഞ്ജുവിന്റെ തീരുമാനം ശരിവയ്ക്കുന്നതായിരുന്നു രാജസ്ഥാൻ ബൗളർമാരുടെ പ്രകടനം. 42 പന്തിൽ 57 റൺസെടുത്ത വെങ്കടേഷ് അയ്യർ ഒഴികെ മറ്റാരേയും ക്രീസിൽ നിലയുറപ്പിക്കാൻ ആർ.ആറിന്റെ ബൗളർമാർ സമ്മതിച്ചില്ല. കൃത്യമായ ഇടവേളകളിൽ വിക്കറ്റുകൾ വീഴ്ത്തി അവർ കൊൽക്കത്തയുടെ ബാറ്റ്സ്മാൻമാരുടെമേൽ സമ്മർദം ഉയർത്തി. മുന്നിൽ നിന്ന് നയിച്ചത് യുസ്‌വേന്ദ്ര ചഹൽ തന്നെയായിരുന്നു. നാലോവറിൽ 25 റൺസ് മാത്രം വഴങ്ങി നാല് വിക്കറ്റാണ് ചഹൽ വീഴ്ത്തിയത്. ഇതിനോടൊപ്പം പുതിയൊരു റെക്കോർഡും അദ്ദേഹം തന്റെ പേരിലാക്കി. ഐ.പി.എൽ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിക്കറ്റുകൾ നേടുന്ന താരമായി മാറി ചഹൽ. 161 മത്സരങ്ങളിൽ നിന്ന് 183 വിക്കറ്റുകൾ നേടിയ ഡ്വെയിൻ ബ്രാവോയുടെ റെക്കാർഡാണ് പഴങ്കഥയായത്. ചഹൽ 143 മത്സരങ്ങളിൽ നിന്ന് 187 വിക്കറ്റുകൾ നേടി. ആർ.ആറിനു വേണ്ടി ട്രെന്റ് ബോൾട്ട് രണ്ടും സന്ദീപ് ശർമയും കെ.എം ആസിഫ് എന്നിവർ ഓരോ വിക്കറ്റ് വീതവും നേടി. നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 149 റൺസാണ് കെ.കെ.ആർ നേടിയത്. 150 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാനുവേണ്ടി ജയ്സ്വാൾ ആദ്യ ഓവറിൽ തന്നെ നയം വ്യക്തമാക്കി. കെ.കെ.ആർ ക്യാപ്റ്റൻ നിതീഷ് റാണ എറിഞ്ഞ ആദ്യ ഓവറിൽ രണ്ട് സിക്സും മൂന്നും ഫോറും ഉൾപ്പെട 26 റൺസാണ് ജയ്സ്വാൾ നേടിയത്. അടുത്ത് ഏഴ് പന്തിൽ 24 റൺസും കൂടി നേടി ഐ.പി.എൽ ചരിത്രത്തിലെ ഏറ്റവും വേഗതയേറിയ അർധ സെഞ്ചുറി തന്റെ പേരിലാക്കി. 14 പന്തിൽ അർധ സെഞ്ചുറി നേടിയ കെ.എൽ രാഹുലി(2018)നേയും പാറ്റ് കമ്മിൻ(2022)സിനേയുമാണ് ജയ്സ്വാൾ മറികടന്നത്. 13 പന്തിലായിരുന്നു ജയ്സ്വാളിന്റെ അർധസെഞ്ചുറി പിറന്നത്. പവർപ്ലേയിൽ 78 റൺസ് നേടി റോയൽസിന് പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നില്ല. ഇതിനിടെ റണ്ണൊന്നുമെടുക്കാതെ ജോസ് ബട്‌ലർ മടങ്ങിയെങ്കിലും ജയ്സ്വാളിന് കൂട്ടായി സഞ്ജു എത്തിയതോടെ രാജസ്ഥാൻ അനായാസമായി ജയിച്ചു കയറി. 47 പന്തിൽ 12 ഫോറിന്റേയും അഞ്ച് സിക്സിന്റേയും അകമ്പടിയോടെ 98* റൺസ് ജയ്സ്വാൾ നേടയിപ്പോൾ അഞ്ച് സിക്സിന്റേയും രണ്ട് ഫോറിന്റേയും അകമ്പടിയോടെ 29 പന്തിൽ 48* റൺസ് നേടി സഞ്ജു ക്യാപ്റ്റന്റെ റോൾ ഗംഭീരമാക്കി. 13.1 ഓവറിൽ റോയൽസ് ലക്ഷ്യംകണ്ടു. ജയ്സ്വാളാണ് പ്ലെയർ ഓഫ് ദ മാച്ച്. ജയത്തോടുകൂടി പോയിന്റ് ടേബിളിൽ മൂന്നാമതെത്താനും റോയൽസിനായി.


രാധ ടീച്ചർക്ക് വേലായുധൻ പള്ളിക്കൽ ഉപഹാരം സമർപ്പിച്ചപ്പോൾ

## ഹിന്ദി മഹാവിദ്യാലയം പരിവാർ ഒത്തുകൂടലിൽ അധ്യാപികക്ക് ആദരം

കോഴിക്കോട്: ഹിന്ദി മഹാവിദ്യാലയം പരിവാർ, മീഞ്ചന്ത മഹാവിദ്യാലയത്തിൽ ഒത്തുകൂടി പതിറ്റാണ്ടുകൾ ശിഷ്യപരമ്പരകൾക്ക് അറിവ് പകർന്നു നൽകിയ പ്രിയ ഗുരുനാഥ രാധ ടീച്ചറെ ആദരിച്ചു. ചടങ്ങ് ഗോപി ചെറുവണ്ണൂർ ഉദ്ഘാടനം ചെയ്തു. മുരുകേശൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ പ്രഭാകരൻ, രാധ ടീച്ചറെ പൊന്നാട അണിയിക്കുകയും വേലായുധൻ പള്ളിക്കൽ ഉപഹാരം സമർപ്പിക്കുകയും ചെയ്തു. പ്രിൻസിപ്പാൾ സ്വർണകുമാരിയും മഹാവിദ്യാലയം അംഗങ്ങളും ആശംസകൾ നേർന്നു. പി.വി.രാജു സ്വാഗതവും എ.എച്ച്.സറീന നന്ദിയും പറഞ്ഞു.

## മകനെ കാണാതായിട്ട് പത്തുവർഷം: അധികാരികൾക്കു മുമ്പിൽ കണ്ണീരോടെ പിതാവ്


കാണാതായ അബ്ദുൾസലാം



തൃശൂർ നസീറും മുഹമ്മദ് വീരാശ്ശേരിയും വാർത്താസമ്മേളനത്തിനിടെ

കോഴിക്കോട്: പത്തുവർഷം മുമ്പ് തൊഴിൽ വിസയിൽ സൗദിയിലേക്ക് പോയ മകനെ കണ്ണീരോടെ കാത്തിരിക്കുകയാണ് തിരുവമ്പാടി പഞ്ചായത്തിൽ താഴെ തിരുവമ്പാടിയിൽ വീരാശ്ശേരി വീട്ടിൽ താമസിക്കുന്ന കുഞ്ഞിമുഹമ്മദ് വീരാശ്ശേരി എന്ന വൃദ്ധനായ പിതാവ്. ഇദ്ദേഹത്തിന്റെ മകനായ അബ്ദുൾസലാം 2002ൽ തൊഴിൽ വിസയിൽ സൗദിയിലെ റിയാദ് ബത്ഹയിൽ അബൂക്കർ പ്രിന്റിങ് പ്രസിൽ ജോലിക്ക് ചേർന്നിരുന്നു. ജോലിയിലിരിക്കെ 2007ൽ പാസ്പോർട്ട് ഉപേക്ഷിച്ച് ജോലിസ്ഥലത്തു നിന്ന് പോയ അബ്ദുൾ സലാം 2011ൽ ഇന്ത്യൻ എംബസിയിൽ ഔട്ട് പാസിനായി അപേക്ഷിച്ചിരുന്നു. എന്നാൽ നാട്ടിലേയ്ക്ക് പോകാതെ അവിടെത്തന്നെ തങ്ങിയതിനാൽ 2013 ജൂലൈ 26ന് നിയമലംഘനത്തിന് സൗദി പോലിസ് പിടികൂടുകയും രണ്ട് മാസത്തോളം ജയിൽ ശിക്ഷ അനുഭവിക്കുകയും 2013 സെപ്റ്റംബർ ഏഴിന് ഇന്ത്യയിലേക്ക് നാടുകടത്തുകയും ചെയ്തതായി ഇന്ത്യൻ എംബസി രേഖകളിലുണ്ട്. റിയാദിലെ മലയാളി സാമൂഹിക പ്രവർത്തകരായ ഷിബു പത്തനാപുരം, ബഷീർ പാണക്കാട് എന്നിവരാണ് ഇന്ത്യൻ എംബസിയിൽ അന്വേഷണം നടത്തി ഈ വിവരങ്ങൾ സ്ഥിരീകരിച്ചത്. എന്നാൽ പിന്നീട് അബ്ദുൾസലാമിനെ കുറിച്ച് യാതൊരു വിവരവുമില്ലെന്ന് കുഞ്ഞിമുഹമ്മദ് മാധ്യമങ്ങളോട് പറഞ്ഞു.മകന്റെ തിരോധാനത്തെക്കുറിച്ച് തിരുവമ്പാടി പോലിസ് സബ് ഇൻസ്പെക്ടർക്ക് പരാതി നൽകിയിരുന്നെങ്കിലും യാതൊരു തുടർ നടപടിയുമുണ്ടായില്ല. പത്തുവർഷമായി മകനെക്കുറിച്ച് യാതൊരു വിവരവും ലഭിക്കാതെ പ്രതീക്ഷകളോടെ കാത്തിരിക്കുകയാണ് വൃദ്ധരായ മാതാപിതാക്കൾ. അന്വേഷണത്തിനായി മുഖ്യമന്ത്രിക്കും ആഭ്യന്തരസെക്രട്ടറി, ജില്ലാ കലക്ടർ, കോഴിക്കോട് പോലിസ് കമ്മീഷണർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ടവർ ഉടൻ അന്വേഷണം നടത്തി മകനെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. തൃശൂർ നസീറും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.


എന്റെ കേരളം 2023 | പ്രദർശന വിപണന സേവന മേള കോഴിക്കോട് ജില്ല

മേയ് 12 -18

കോഴിക്കോട് ബീച്ച്




ഉദ്ഘാടനസമ്മേളനം

മേയ് 12 വൈകിട്ട് 7 ന്

ഉദ്ഘാടനം:
**പി.എ. മുഹമ്മദ് റിയാസ്**
പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി

അധ്യക്ഷൻ:
**തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ**

മുഖ്യാതിഥികൾ
**എ.കെ. ശശീന്ദ്രൻ**
വനം വന്യജീവി വകുപ്പ് മന്ത്രി
**അഹമ്മദ് ദേവർകോവിൽ**
തുറമുഖം, മ്യൂസിയം, പുരാവസ്തു പുരാരേഖാ വകുപ്പ് മന്ത്രി

എം പി മാർ, എം എൽ എ മാർ,
തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ പങ്കെടുക്കും

**സെമിനാറുകൾ (വൈകിട്ട് 3ന്)**

മെയ് 13
സംരംഭകത്വവും ടൂറിസവും
മെയ് 14
Kozhikode - The City of Literature
മെയ് 15
പ്രതിരോധത്തിൽ ഊന്നൽ നൽകേണ്ട ആരോഗ്യ സമീപനം
മെയ് 16
അഭിമാനമാണ് കേരളം
മെയ് 17
ഉൾച്ചേർന്ന സമൂഹം നീതിയും വെല്ലുവിളികളും

യുവതയുടെ കേരളം

**കലാപരിപാടികൾ**



മേയ് 12 രാത്രി 8ന്
**തൈക്കൂടം ബ്രിഡ്ജ്,** മ്യൂസിക് ബാൻഡ്

മേയ് 13 വൈകിട്ട് 7ന്
**ഗൗരിലക്ഷ്മി,** മ്യൂസിക് ബാൻഡ്

മേയ് 14 വൈകിട്ട് 7 ന്
**കോളേജ് ഡേ,** അതുൽ നറുകര & ടീം

മേയ് 15 വൈകിട്ട് 7ന്
**ALL GENERATION TUNES**
കൈതപ്രം ദാമോദരൻ നമ്പൂതിരി
യാസിൻ നിസാർ | അരിസ്റ്റോ സുരേഷ്
സോണിയ ആമോദ് | റഹ്മാൻ
സി.ജെ. കുട്ടപ്പൻ | നിമിഷ സലിം
കെ.വി. അബൂട്ടി | വണ്ടൂർ ജലീൽ

മേയ് 16 വൈകിട്ട് 6ന്
**മൽഹാർ** പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ **ഗാനമേള • കോഴിക്കോടിന്റെ പാട്ടുകൂട്ടം • ജിംനാസ്റ്റിക് ഷോ**
**7ന് ആശ ശരത് & ടീം, നൃത്ത പരിപാടി**

മേയ് 17 വൈകിട്ട് 7ന്
**യുമ്ന അജിൻ, സംഗീത പരിപാടി**

മേയ് 18 വൈകിട്ട് 7ന്
ഡോ. ഉമയാൾപുരം കെ.ശിവരാമൻ നയിക്കുന്ന
**ജ്വാല മ്യൂസിക് ഫ്യൂഷൻ**

200 ൽ അധികം പ്രദർശന വിപണന സ്റ്റാളുകൾ
തീം സ്റ്റാളുകൾ | ഭക്ഷ്യമേള

പ്രവേശനം സൗജന്യം
പ്രദർശനം രാവിലെ 10 മുതൽ

കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്






**ഹാർട്ട്കെയർ സെന്റർ**

**ഹൃദ്രോഗികളുടെ ശ്രദ്ധക്ക്**

എൻജിയോ പ്ലാസ്റ്റിയോ, ബൈപ്പാസ് ഓപ്പറേഷനോ കൂടാതെയുള്ള വിദഗ്ധ ചികിത്സക്ക്

**ഡോ. കുഞ്ഞാലീസ് ഹാർട്ട്കെയർ സെന്റർ, മലബാർ ഹോസ്പിറ്റൽ**

A UNIT OF MALABAR MULTI SPECIALITY CENTRE PVT. LTD
എരഞ്ഞിപ്പാലം, കാലിക്കറ്റ്– 673020
E-mail: drkunhali@gmail.com

**Dr. K. KUNHALI MD, FCCP**
FISE FCCP FIAE FICA FESCDM (CARDIO)
Programme Director

**Dr. NIRMALA GOPAKUMAR**
Programme Co-Ordinator

Phone: 9847007470, 9747007470, 9745323232, 0495 2376823


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.